STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.271/PR/SPMC/PHQ/2026 Date:06.07.2026

# പത്രക്കുറിപ്പ്

## ഓപ്പറേഷൻ തൂഫാൻ: 153 കേസുകളെടുത്തു. 159 പേരെ അറസ്റ്റ് ചെയ്തു:

ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി സംസ്ഥാന വ്യാപകമായി നടത്തിയ പ രിശോധനയിൽ 153 കേസുകൾ രജിസ്റ്റർ ചെയ്തു. 159 പേർ അറസ്റ്റിലായി. രജിസ്റ്റർ ചെയ്ത കേസുകളിൽ സ്മാൾ ക്വാണ്ടിറ്റി കൈവശം വെച്ചതിന് 33 കേസുകളും മീഡി യം ക്വാണ്ടിറ്റി കൈവശം വെച്ചതിന് ആറു കേസുകളും 27 എൻ.ഡി.പി.എസ് ആക്ട് പ്രകാരം 114 കേസുകളും കൂടാതെ കോട്പ (COTPA) പ്രകാരം 42 കേസുകളും രജിസ്റ്റ ർ ചെയ്തിട്ടുണ്ട്. ഇവരിൽ നിന്ന് 5.60 ഗ്രാം എം.ഡി.എം.എയും 5.43 കി.ഗ്രാം കഞ്ചാവും 1.4 ഗ്രാം ഹെറോയിൻ 2 ഗ്രാം ബ്രൗൺ ഷുഗറും 398 ഗ്രാം ചരസ്സും 22 കഞ്ചാവ് ചെടികളും പിടിച്ചെടുത്തു.

ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി ഇതുവരെ 5884 കേസുകളാണ് രജിസ്റ്റർ ചെയ്തത്. ആകെ 6313 അറസ്റ്റുകൾ നടന്നു.

ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി ഇന്നലെ മാത്രം സംസ്ഥാനത്തുടനീളം കേരള പോലീസ് 45 ബോധവൽക്കരണ ക്ലാസുകൾ നടത്തി. ഇതുവരെ നടത്തിയ ആകെ ബോധവൽക്കരണ ക്ലാസ്സുകളുടെ എണ്ണം 6341 ഉം കൗൺസിലിങ്ങുകളുടെ എണ്ണം 296 ഉം ആണ്. സ്കൂൾ, കോളേജ് പ്രൊട്ടക്ഷൻ ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ ആകെ 5232 ബോധവത്ക്കരണ പരിപാടികളും നടത്തി.

ലഹരി വിപണനത്തെക്കുറിച്ചുള്ള വിവരങ്ങൾ പൊതുജനങ്ങൾക്ക് നേരിട്ടും (9497979794, 9497927797) വാട്സ്ആപ്പ് (9995966666) മുഖേനയും പോലീസിനെ അറിയിക്കാം. ഈ നമ്പറുകളിലേക്ക് ബന്ധപ്പെടുന്നവരുടെ വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കും.

ഡോ. അഞ്ചൽ കൃഷ്ണകുമാർ,

ഡെപ്യൂട്ടി ഡയറക്ടർ,

സ്റ്റേറ്റ് പോലീസ്

മീഡിയ സെൻറർ

****************************************************